കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്**
**കാസർകോട്**

**2018 സെപ്റ്റംബർ 10**
**തിങ്കൾ**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് ഇന്ന്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ. മോഹൻകുമാർ ഇന്ന് ( 11 ) രാവിലെ പതിനൊന്നിന് കാസർകോട് ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തുമെന്ന് കമ്മീഷൻ അറിയിച്ചു.

## കായികാധ്യാപക ഒഴിവ്; കൂടിക്കാഴ്ച ഇന്ന്

ഇരിയണ്ണി ഗവ.വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ കായികാധ്യാപകന്റെ താല്ക്കാലിക നിയമനത്തിനായി ഇന്ന്(11) രാവിലെ 10.30ന് കൂടിക്കാഴ്ച നടത്തും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹൈസ്കൂൾ വിഭാഗം ഓഫീസിൽ ഹാജരാകണമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു.

## വീട് വയ്ക്കുന്നതിന് സബ്സിഡി; അപേക്ഷ 30 വരെ മാത്രം

ബീഡി, സിനിമ മേഖലയിലെ തൊഴിലാളികൾക്ക് 2016ലെ റിവൈസ്ഡ് ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്കീം പ്രകാരം വീട് വയ്ക്കുന്നതിന് സബ്സിഡി ലഭിക്കുന്നതിന് ഈ മാസം 30 വരെ ഓൺലൈനായി അപേക്ഷിക്കാം. അതിനുശേഷമുള്ള അപേക്ഷകൾ സ്വീകരിക്കില്ല. 30ന് അർധരാത്രിവരെ ഓൺലൈനായി housing.shramsuvidha.gov.in എന്ന പോർട്ടലിലൂടെയാണ് അപേക്ഷിക്കേണ്ടത്. നേരിട്ട് അപേക്ഷ സ്വീകരിക്കില്ല. കൂടുൽ വിവരങ്ങൾക്ക് ഫോൺ: 0497 2700995

## വൈദ്യുതി മുടങ്ങും

33 കെവി ബേളൂർ സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്നും നാളെയും(11, 12)രാവിലെ ഒൻപതുമുതൽ വൈകിട്ട് അഞ്ചുവരെ 11 കെവി ഇരിയ, പാണത്തൂർ, രാജപുരം എന്നീ ഫീഡറുകളിൽ നിന്നുള്ള വൈദ്യുതി വിതരണം ഭാഗികമായി മുടങ്ങുമെന്ന് സ്റ്റേഷൻ എഞ്ചിനീയർ അറിയിച്ചു.

## അയൽപക്ക യൂത്ത് പാർലമെന്റ് പ്രോഗ്രാം

നെഹ്റു യുവ കേന്ദ്രയുടെ അയൽപക്ക യൂത്ത് പാർലമെന്റ് പ്രോഗ്രാം ഈ മാസം 25 നകം ഏറ്റെടുത്തു നടത്താൻ താല്പര്യമുള്ള കാഞ്ഞങ്ങാട്, പരപ്പ, മഞ്ചേശ്വരം ബ്ലോക്കുകളിൽ നിന്നുള്ള ക്ലബ്ബുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ക്ലബ്ബ് പ്രസിഡന്റ്, സെക്രട്ടറിമാർ ഈ മാസം 13 നു സിവിൽ സ്റ്റേഷനിലുള്ള നെഹ്റു യുവ കേന്ദ്ര ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ: 9446674185, 04994255144.

(തുടരും)

## സ്പോക്കൺ ഇംഗ്ലീഷ് ട്യൂട്ടർ നിയമനം

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പരവനടുക്കത്ത് കാസർകോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് സ്കൂളിൽ അഞ്ചു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകുന്നതിന് ട്യൂട്ടറെ നിയമിക്കുന്നു. ഇംഗ്ലീഷ് ബിരുദം, ബിരുദാനന്തര ബിരുദം യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. (കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലിഷ് അഭികാമ്യം).അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഈ മാസം 14ന് രാവിലെ 10 മണിക്ക് കുടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 04994 239969

## സൗദി ആരോഗ്യമന്ത്രാലയത്തിലേക്ക്

## നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നു

സൗദി അറേബ്യൻ സർക്കാർ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ റിയാദിലുള്ള കിംഗ് സൗദ് മെഡിക്കൽ സിറ്റി ആശുപത്രിയിലേക്ക് നിയമ നത്തിനായി ഇന്റേൺഷിപ്പ് കൂടാതെ രണ്ടു വർഷത്തിൽ കുറയാത്ത സേവനപരിചയമുള്ള ബി. എസ്. സി. എം.സ്.സി പി.എച്ച്.ഡി നഴ്സുമാരെ (സ്ത്രീകൾ മാത്രം) തെരഞ്ഞെടുക്കുന്നതിന് കേരള സർക്കാർ സ്ഥാപന മായ ഒഡെപെകനെ ചുമതലപ്പെടുത്തി. ഇതിനുള്ള ഇന്റർവ്യ ഒക്ടോബർ 28,29,30,31 തീയതികളിൽ ഡൽഹിയിൽ നടത്തും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദവിവര ങ്ങൾ അടങ്ങിയ ബയോഡാറ്റ ഒഡെപെക് വെബ്സൈറ്റിൽ കൊടുത്തിരി ക്കുന്ന മാതൃകയിൽ സെപ്റ്റംബർ 30നകം saudimoh.odepc@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കണം. വിശദവിവങ്ങൾക്ക് www.odepc.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2329441, 2329443

## പശുവളർത്തൽ സൗജന്യപരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ ഐടിഐക്ക് സമീപമുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ ഈ മാസം 13 മുതൽ 15 വരെ പശുവളർത്തലിൽ മൂന്നുദിവസത്തെ സൗജന്യപരിശീലനം സംഘടിപ്പിക്കും. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നേരിട്ടോ ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0491 2815454, 8281777080. പേര് രജിസ്റ്റർ ചെയ്തവർ ആധാർ നമ്പറുമായി 13ന് രാവിലെ 10നകം മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ എത്തിച്ചേരണം.

**(അവസാനിച്ചു)**